LIBRARY ARCHIVES Kerala Legislative Assembly

ഭവന നിർമ്മാണ പദ്ധതി.

* 1425. [6] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കൊല്ലം ഡിസ്ട്രിക്ടിൽ ഭവനനിർമ്മാണ പദ്ധതികൾ മൊത്തം എത്ര തുക ചെലവായി; എത്ര തുക അനുവദിച്ചു ;

(ബി) നടപ്പു വർഷത്തിൽ താഴെപ്പറയുന്ന ഓരോ ഇനത്തിനും എത്ര തുക വീതം അനുവദിച്ചിട്ടുണ്ട് :

1. സെറ്റിൽമെന്റ് വീട് നിർമ്മാണപദ്ധതി ;
2. പാവപ്പെട്ടവർക്ക് വേണ്ടിയുള്ള പദ്ധതി ;
3. താഴ്ന്ന വരുമാനമുള്ളവർക്ക് വേണ്ടിയുള്ള പദ്ധതി ;
4. കോവപ്പറേറീവ് ഹൗസിംഗ് സ്കീം;
5. തോട്ടം തൊഴിലാളികൾക്ക് വേണ്ടിയുള്ള പദ്ധതി ;
6. വില്ലേജ് ഹൗസിംഗ് പ്രോജക്ടുകൾ സ്കീം?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ) 1958-59-ൽ ചെലവായ തുക രൂപ 4,35,718.33. അനുവദിച്ച തുക രൂപ 4,09,100.

(ബി) സെറ്റിൽമെന്റ് വീട് നിർമ്മാണപദ്ധതി 5.032 ലക്ഷം.
പാവപ്പെട്ടവർക്ക് വേണ്ടിയുള്ള പദ്ധതി 2 ലക്ഷം രൂപ
താഴ്ന്ന വരുമാനമുള്ളവർക്ക് വേണ്ടിയുള്ള പദ്ധതി 13 ലക്ഷം.
കോവാപ്പറേറീവ് ഹൗസിംഗ് സ്കീം 4.51 ലക്ഷം.
തോട്ടം തൊഴിലാളികൾക്ക് വേണ്ടിയുള്ള പദ്ധതി 3 ലക്ഷം.
വില്ലേജ് ഹൗസിംഗ് പ്രോജക്ടുകൾ സ്കീം 4 ലക്ഷം.

ശ്രീ. പി. ഗോപാലൻ : ഈ ഓരോ ഇനത്തിലും ഇക്കൊല്ലം തുക ചെലവാക്കിയോ ?

ശ്രീ. പി. കെ. ചാത്തൻ : ചെലവായ തുകയുടെ വിവരം കിട്ടിയിട്ടില്ല.

ശ്രീ. പി. ടി. ചാക്കോ : സെറ്റിൽമെന്റ് വീട് നിർമ്മാണ പദ്ധതിക്ക് 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നു പറഞ്ഞു. അതു് എത്ര വീടുണ്ടാക്കുവാനാണു് ? അതുപോലെ പാവപ്പെട്ടവർക്കുവേണ്ടിയുള്ള വീട് നിർമ്മാണത്തിന് 2 ലക്ഷം രൂപയും, താഴ്ന്നവരുമാനമുള്ളവർക്ക് വേണ്ടിയുള്ള പദ്ധതിക്ക് 13 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. അതും എത്ര എത്ര വീടുകൾ ഉണ്ടാക്കുവാനാണു് ? ഈ വീടുകളുടെ പണി തുടങ്ങിയിട്ടുണ്ടോ എന്നും, തുടങ്ങിയിട്ടുണ്ടെങ്കിൽ എത്രത്തോളം പണിയായിട്ടുണ്ടെന്നും പറയാമോ ?

ശ്രീ. പി. കെ. ചാത്തൻ : ഈ തുകയെല്ലാം 1959-60 സാമ്പത്തിക വർഷത്തേക്ക് നീക്കിവച്ചിട്ടുള്ളതാണു്. അതിന്റെ ടാർജറ്റ് ഓരോ ഡിസ്ട്രിക്ടിലേക്കുള്ളതു മൊത്തത്തിൽ പറയാം. ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്കീം അനുസരിച്ചു് 130 വീടുകൾ; സെൻറിൽമെന്റ് സ്കീം അനുസരിച്ചു 700 വീടുകൾ; പാവപ്പെട്ടവർക്കുവേണ്ടിയുള്ള പദ്ധതിയനുസരിച്ചു് 154 വീടുകൾ; താഴ്ന്ന വരുമാനമുള്ളവർക്ക വേണ്ടിയുള്ള പദ്ധതിയനുസരിച്ചു 360 വീടുകൾ.

ശ്രീ. കെ. ഹസ്സൻ ഗനി : വീടുകൾ ഗവണ്മെന്റ് തന്നെ നേരിട്ടു പണിയുകയാണോ അതോ, വീടു പണിയുന്നതിനുള്ള പണം കൊടുക്കുകയാണോ ?

ശ്രീ. പി. കെ. ചാത്തൻ : സെറ്റിൽമെന്റ് സ്കീം അനുസരിച്ചുള്ള വീടുകളുടെ ഒരു ടൈപ്പുണ്ടാക്കി അതനുസരിച്ചു് ബെനിഫിഷ്യറീസിനെക്കൊണ്ടു് പണിയിക്കുവാൻ ഏർപ്പാടു ചെയ്യുകയാണു്. വീടു പണിയുന്നതിനുള്ള സംഖ്യ അവർക്കു് 3 ഗഡുക്കളായി കൊടുക്കും.

ശ്രീ. പി. ടി. ചാക്കോ : സെറ്റിൽമെന്റ വീട് നിർമ്മാണ പദ്ധതിയനുസരിച്ച് നിർമ്മിക്കുന്ന ഒരു വീടിനു് എന്താകെമെന്നു പറയാമോ ?

ശ്രീ. പി. കെ. ചാത്തൻ : 576 രൂപ ഒരു വീടിനു കൊടുക്കും. 50 രൂപ അതിന്റെ മറ്റു ചെലവിലേയ്ക്കു കൊടുക്കും.

ശ്രീ. പി. ടി. ചാക്കോ : ഈ പദ്ധതിപ്രകാരം പണിതിട്ടുള്ള വീടുകൾ കണ്ടാൽ 576 രൂപ ഓരോന്നിനും ചെലവാക്കിയിട്ടുണ്ടെന്നു പറയുന്നതു് അയഥാർത്ഥമായി തോന്നും. സെറ്റിൽമെന്റ വീട് നിർമ്മാണപദ്ധതി അനുസരിച്ചുള്ള വീടുകളല്ലേ ചങ്ങനാശ്ശേരി റോഡിന്റെ ഇരുഭാഗത്തും വച്ചിരിക്കുന്നതു് ?

ശ്രീ. പി. കെ. ചാത്തൻ : ചങ്ങനാശ്ശേരി റോഡിന്റെ ഇരുഭാഗത്തും പണിതിട്ടുള്ള വീടുകൾ വളരെ മോശമായിട്ടുള്ള വീടുകളാണെന്നു കണ്ടുകൊണ്ടാണു് അതു സ്ഥിതി ഭേദപ്പെടുത്തി ഇപ്പോൾ പണിതിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായ രീതിയിൽ വീടുകൾ പണിയുവാൻ തീരുമാനിച്ചതു്.

ശ്രീ. പി. ടി. ചാക്കോ : ചങ്ങനാശ്ശേരി റോഡിന്റെ ഇരുഭാഗങ്ങളിലും പണിതിട്ടുള്ള വീടുകൾ താമസത്തിനു സൗകര്യമില്ലാത്തതുകൊണ്ടു് അതു ഉപയോഗയോഗ്യമാക്കിത്തീർക്കുവാൻ ഗവണ്മെന്റ വേണ്ട ഏർപ്പാടു ചെയ്യുമോ ?

ശ്രീ. പി. കെ. ചാത്തൻ : അതു് ഇപ്പോൾ നിലുന്ന നിലയിൽ നന്നാക്കുവാൻ നോക്കാം.

ശ്രീ. പി. ടി. ചാക്കോ : ആ വീടുകൾ ഇപ്പോൾ നിലുകയല്ല ഇരിക്കുകയാണു്.

ശ്രീ. പി. കെ. ചാത്തൻ : എല്ലാ ചെയ്യാം, മുൻപു് അങ്ങനെ കുറേ വീടുകൾക്കു് പണം ചെലവഴിച്ചുപോയി. അതു് കഴിയുന്നതും നന്നാക്കി ഉപയോഗയോഗ്യമാക്കിത്തീർക്കുവാൻ നോക്കാം.

ശ്രീ. പി. ടി. ചാക്കോ : ഇപ്പോൾ ഓരോ വീടിനും ചെലവാക്കുവാൻ നിശ്ചയിച്ചിരിക്കുന്ന തുകയ്ക്കു് നല്ലതോതിലുള്ള പ്രീ ഫാബ്രിക്കേറ്റഡ് ഹൗസസ് വാങ്ങുവാൻ തരമുണ്ടെങ്കിൽ അപ്രകാരം ചെയ്യുവാൻ ഗവണ്മെന്റ് ആലോചിക്കുമോ ?

ശ്രീ. പി. കെ. ചാത്തൻ : അതുമാത്രമല്ലാ ഗവണ്മെന്റ് ഇപ്പോൾ പണിയുന്ന വീടുകൾ, പ്രീ ഫാബ്രിക്കേറ്റഡ് ഹൗസസ് അതിനേക്കാൾ കുറഞ്ഞ വിലയ്ക്കു് ഉണ്ടാക്കുവാൻ സാധിക്കുമെന്നുണ്ടെങ്കിൽ അതിനെക്കുറിച്ചു് ഗവണ്മെന്റ പര്യാലോചിക്കുന്നതാണു്.

ശ്രീ. പി. ടി. ചാക്കോ : പ്രീ ഫാബ്രിക്കേറ്റഡ് (pre Fabricated) ഹൗസസ് പണിയുവാൻ ഗവണ്മെന്റിനു വല്ല പദ്ധതിയുമുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : അങ്ങനെയൊരു പദ്ധതിയില്ല.

ദോഷപരിഹാരമേർപ്പെടുത്തിയ പരാതികൾ.

*1426. [7] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. എൽ. എ. മാരോ പഞ്ചായത്തു് അംഗങ്ങന്മാരോ ദോഷപരിഹാരമേർപ്പെടുത്തിയതായി പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന പരാതികൾക്കു പ്രത്യേക പരിഗണന കൊടുക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly